(*d*) The following pupils for whom stipends were awarded are not continuing their studies now, as they have been removed for long absence.

1. K. K. Velayudhan, I Year-Electroplating.
2. M. R. Krishnan, Motor Section.
3. A. K. Chennan. Commercial Section.

DEPRESSED CLASS PUPILS UNDERGOING LITERARY AND INDUSTRIAL EDUCATION—PARTICULARS REGARDING

277. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ. —

(എ) കൊച്ചി രാജ്യത്തു് ലിറററി വിദ്യാഭ്യാസവും ഇൻഡസ്ട്രിയൽ വിദ്യാഭ്യാസവും ചെയ്യുന്ന അധഃകൃതവിദ്യാർത്ഥിനീവിദ്യാർത്ഥികൾ ഇപ്പോൾ ആകെ എത്രയാണുള്ളതു്;

(ബി) അതിൽ ഹൈസ്കൂളുകളിലും ലോവർസെക്കണ്ടറി ക്ലാസുകളിലും കൂടി എത്ര കുട്ടികളുണ്ടു്;

(സി) ഹൈസ്കൂളിലും ലോവർസെക്കണ്ടറിയിലുംകൂടി എത്ര കുട്ടികൾക്കു് സ്റ്റൈപ്പെൻറ കൊടുക്കുന്നുണ്ടു്;

(ഡി) ഇൻഡസ്ട്രിയൽ സ്കൂളുകളിലെ എല്ലാ അധഃകൃതകുട്ടികൾക്കും ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സ്റ്റൈപ്പെൻറ കൊടുക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) വിദ്യാർത്ഥികൾ ൧൦,൯൫൭, വിദ്യാർത്ഥിനികൾ ൪,൯൯൦.

(ബി) ൧,൫൭൪.

(സി) ൯൫൦.

(ഡി) ഇല്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻ: കഴിഞ്ഞകൊല്ലം ഇൻറസ്ട്രിയൽ സ്കൂളിൽ എല്ലാവർക്കും സ്റ്റൈപ്പെൻറ് കൊടുത്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: എല്ലാവർക്കും ഒരു കൊല്ലത്തിൽ കിട്ടുന്നുണ്ടെന്നു വരികയില്ല. ആളുകളുടെ നമ്പർ കുറഞ്ഞാൽമാത്രമെ എല്ലാവർക്കും കൊടുക്കുവാൻ സാധിക്കുകയുള്ളു. ൨൯൦ പേരുണ്ടായിരുന്നാതിൽ ൧൯൭൫ പേർക്കു മാത്രമെ കഴിഞ്ഞകൊല്ലം കൊടുത്തിട്ടുള്ളു.

മിസ്റ്റർ വി. കെ. കുട്ടി: അതിലേക്കു ഗവൺമെണ്ടിൽനിന്നും നീക്കിവെച്ചിട്ടുള്ള സംഖ്യയല്ലെ കൊടുക്കുന്നതു് ?

ഡോക്ടർ എ. ആർ. മേനോൻ: അതെ.

മിസ്റ്റർ വി. കെ. കുട്ടി: നമ്പർ വർദ്ധിക്കുംതോറും ആ സംഖ്യതന്നെയല്ലെ വീതിക്കുകയുള്ളു ?

ഡോക്ടർ എ. ആർ. മേനോൻ: അതെ. സമുദായങ്ങളുടെ എണ്ണം നോക്കിയും ആളുകളുടെ വർദ്ധനയനുസരിച്ചുമാണു് കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly